11224
29/6/19

കേരള സർക്കാർ

<u>സംഗ്രഹം</u>

ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി) - മാനേജർ(ക്വാളിറ്റി കൺട്രോൾ), 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരുടെ 10-ാം ശമ്പള പരിഷ്കരണം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ് (എ)വകുപ്പ്

G.O.(Ms)No.23/2019/AYUSH തീയതി,തിരുവനന്തപുരം, 18/06/2019

---

പരാമർശം:- 1 ഔഷധി മാനേജിംഗ് ഡയറക്ടറുടെ 24.2.2018-ലെ ഇ1-54/15നം. കത്ത്

2 18.6.2018-ലെ സ.ഉ.(കൈ)നം.17/2018/ആയുഷ് ഉത്തരവ്

<u>ഉത്തരവ്</u>

1. പരാമർശം 2-ലെ ഉത്തരവ് പ്രകാരം ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാരുടെ 10-ാം ശമ്പളപരിഷ്കരണം അനുവദിച്ചിരുന്നു. എന്നാൽ മാനേജർ (ക്വാളിറ്റി കൺട്രോളർ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരുടെ ശമ്പളപരിഷ്കരണം അനുവദിച്ചിരുന്നില്ല. ഔഷധിയിലെ 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നൽകാതെ മറ്റുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് വഴി സ്ഥാപനത്തിൽ വളരെയധികം അസ്വസ്ഥത സൃഷ്ടിക്കുന്നതിനും തൊഴിലാളികൾ സമരത്തിലേക്ക് നീങ്ങുന്നതിനും സാദ്ധ്യതയുണ്ടെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ പരാമർശം 1-പ്രകാരം അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി)-ലെ മാനേജർ (ക്വാളിറ്റി കൺട്രോൾ), 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവർക്ക് ചുവടെ പരാമർശിക്കും പ്രകാരം പത്താം ശമ്പളപരിഷ്കരണപ്രകാരമുള്ള ശമ്പളസ്കെയിലുകൾ ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം 2-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി

അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനമ്പർ | തസ്തികയുടെ പേര് | ഒൻപതാം ശമ്പളപരിഷ്കരണപ്രകാരമുള്ള സ്കെയിൽ | പത്താം ശമ്പളപരിഷ്കരണപ്രകാരമുള്ള സ്കെയിൽ |
|---|---|---|---|
| 1 | മാനേജർ (ക്വാളിറ്റി കൺട്രോൾ ) | 24040-38840 | 45800-89000 |
| 2 | ലാസ്റ്റ് ഗ്രേഡ് തസ്തിക (ഗ്രേഡ് I) | 9190-15780 | 18000-41500 |
| 3 | ലാസ്റ്റ് ഗ്രേഡ് തസ്തിക (ഗ്രേഡ് II) | 8730-13540 | 17000-37500 |
| 4 | ലാസ്റ്റ് ഗ്രേഡ് തസ്തിക (ഗ്രേഡ് III) | 8500-13210 | 16500-35700 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJAN NAMDEV KHOBRAGADE
PRINCIPAL SECRETARY

മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ(പി.യു.ബി) വകുപ്പ് (23.10.2018-ലെ പി.യു.ബി2/55/2016/ധന നം. അനൗ.കുറിപ്പ്)
പ്ലാനിംഗ് & ഇക്കണോമിക്സ് (ബിപിഇ) വകുപ്പ് (18.1.2019-ലെ PLGEA- BPE2/153 /2018-PLGEA നം. അനൗ. കുറിപ്പ്)
പൊതുഭരണ(എസ്.സി) വകുപ്പ്
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 29-05-2019

ഫയൽ നം.എ2/418/2016/ആയുഷ്

ഇനം നം: 3032

വിഷയം : ആയുഷ് വകുപ്പ് - ഔഷധിയിലെ മാനേജർ (ക്യു.സി.), 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരുടെ 10-ാം ശമ്പള പരിഷ്കരണം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/418/2016/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഔഷധിയിലെ മാനേജർക്യുസി, 30 [illegible] ഗ്രേഡ് ജീവനക്കാർ എന്നിവരുടെ 10 ശമ്പള പരിഷ്കരണം സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29.04.2019 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ.വി |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ.രാജൻ.എൻ.ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14/05/2019 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

ദി ഫാർസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) മാനേജർ(ക്വാളിറ്റി കൺട്രോൾ), 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരുടെ 10-ാം ശമ്പള പരിഷ്കരണം സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. 18.6.2018 -ലെ സ.ഉ.(കൈ)നം.17/2018/ആയുഷ് നം. ഉത്തരവ് പ്രകാരം ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാരുടെ 10-ാം ശമ്പളപരിഷ്കരണം അനുവദിച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ (ക്വാളിറ്റി കൺട്രോളർ)ടെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും ശമ്പളപരിഷ്കരണം അനുവദിച്ചിരുന്നില്ല. ഔഷധിയിലെ 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നൽകാതെ മറ്റുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് വഴി സ്ഥാപനത്തിൽ വളരെയധികം അസ്വസ്ഥത സൃഷ്ടിക്കുന്നതിനും തൊഴിലാളികൾ സമരത്തിലേക്ക് നീങ്ങുന്നതിനും സാദ്ധ്യതയുണ്ടെന്ന് ഔഷധി എം.ഡി. അറിയിച്ചിരുന്നു.

3. ഔഷധിയിലെ മാനേജർ (ക്വാളിറ്റി കൺട്രോൾ) എന്ന തസ്തികയ്ക്കും 80 ലാസ്റ്റ് ഗ്രേഡ് തസ്തികകൾക്കും പത്താം ശമ്പളപരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ ധനവകുപ്പിലേക്ക് അയച്ചപ്പോൾ താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

'ഔഷധിയിലെ മാനേജർ (ക്വാളിറ്റി കൺട്രോൾ), ലാസ്റ്റ് ഗ്രേഡ് തസ്തികകൾക്ക് ചുവടെ പരാമർശിക്കുംവിധം പത്താം ശമ്പളപരിഷ്കരണപ്രകാരമുള്ള സ്കെയിലുകൾ അനുവദിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു .

| ക്രമനമ്പർ | തസ്തികയുടെ പേര് | ഒൻപതാംശമ്പളപരിഷ്കരണപ്രകാരമുള്ള സ്കെയിൽ | പത്താംശമ്പളപരിഷ്കരണ പ്രകാരമുള്ള സ്കെയിൽ |
|---|---|---|---|
| 1 | മാനേജർ (ക്വാളിറ്റി | 24040 -38840 | 45800 -89000 |

| | | | |
|---|---|---|---|
| | കൺട്രോൾ ) | | |
| 2 | ലാസ്റ്റ് ഗ്രേഡ് തസ്തിക (ഗ്രേഡ് I) | 9190 -15780 | 18000 -41500 |
| 3 | ലാസ്റ്റ് ഗ്രേഡ് തസ്തിക (ഗ്രേഡ് II) | 8730 -13540 | 17000 -37500 |
| 4 | ലാസ്റ്റ് ഗ്രേഡ് തസ്തിക (ഗ്രേഡ് III) | 8500 -13210 | 16500 -35700 |

4. ധനവകുപ്പിന്റെ അഭിപ്രായം അനുസരിച്ച് ഇത് സംബന്ധിച്ച് പ്ലാനിംഗ് (ബിപിഇ) വകുപ്പിന്റെ അംഗീകാരത്തിനായി ഫയൽ സമർപ്പിച്ചപ്പോൾ 31.12.2018 ന് കൂടിയ PEB മീറ്റിംഗ് 2017 -18 വർഷത്തെ ഓഡിറ്റ് കൂടി പൂർത്തീകരിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. 31.12.2018 -ന് കൂടിയ പബ്ലിക് എന്റർപ്രൈസസ് ബോർഡ് മീറ്റിംഗിന്റെ പ്രസക്ത ഭാഗം അനക്സർ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

5. ഔഷധിയിലെ ഭൂരിഭാഗം ജീവനക്കാർക്ക് 10 - ാം ശമ്പളപരിഷ്കരണം നടപ്പിലാക്കിയ സാഹചര്യത്തിലും 2017 -18 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും വളരെ വേഗം തന്നെ ഓഡിറ്റ് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും ഔഷധി എം.ഡി. അറിയിച്ചിരുന്ന സാഹചര്യത്തിലും 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടേയും, മാനേജർ- ക്വാളിറ്റി കൺട്രോളറുടേയും ശമ്പളപരിഷ്കരണം ധനകാര്യ വകുപ്പ് അംഗീകരിച്ച സാഹചര്യത്തിലും ഇത് സംബന്ധിച്ച വിഷയത്തിൽ പുന:പരിശോധനയ്ക്കായി ഫയൽ പ്ലാനിംഗ് (ബിപിഇ) വകുപ്പിന് നൽകേണ്ടതുണ്ടോ എന്ന

ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും , മാനേജർ

(ക്വാളിറ്റി) ക്കും മറ്റ് ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം പ്രത്യേക കേസായി

പരിഗണിച്ച് അനുവദിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു.

6. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഔഷധിയിലെ ഒരു

വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണം പ്ലാനിംഗ് (ബിപിഇ) വകുപ്പിന്റെ അംഗീകാരം

ഇല്ലാതെ ഒരു പ്രത്യേക കേസായി പരിഗണിച്ച മന്ത്രിസഭയുടെ പരിഗണനയ്ക്ക്

സമർപ്പിക്കാമോയെന്ന ഉത്തരവിനായി ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ

മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി

ഉത്തരവിട്ടിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) -ലെ

മാനേജർ (ക്വാളിറ്റി കൺട്രോൾ), 80 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നി തസ്തികകളുടെ

10 - ം ശമ്പള പരിഷ്കരണം പ്ലാനിംഗ് (ബിപിഇ) വകുപ്പിന്റെ അംഗീകാരം ഇല്ലാതെ ഒരു

പ്രത്യേക കേസായി പരിഗണിച്ച , ധനകാര്യ വകുപ്പ് അംഗീകരിച്ചതു പ്രകാരമുള്ള ശമ്പള

സ്കെയിലുകൾ 18.6.2018 -ലെ സ.ഉ.(കൈ)നം.17 2018 ആയുഷ് നം. ഉത്തരവിലെ

വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നല്കാമോ?